# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2462 05.11.2019-ൽ മറുപടിക്ക്

## കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) അത്തോളിയിൽ സ്റ്റേറ്റ് ഹൈവേയുടെ തൊട്ടടുത്തായി വ്യവസായ വികസനത്തിന് എല്ലാ സാധ്യതയുമുള്ള കുന്നത്തറ ടെക്സ്റ്റൈൽസ് ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കുന്നത്തറ ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം ബഹു.ഹൈക്കോടതി ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. ഭൂമി അന്യാധീനപ്പെട്ടു പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (ബി, സി & ഡി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആസ്തികൾ ഏറ്റെടുത്തു വിൽക്കുന്നതിനു ഒഫീഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി സ്ഥാപനം ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഒഫീഷ്യൽ ലിക്വിഡേറ്ററാണ് ബാധ്യത നിശ്ചയിക്കുന്നത്. കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടു പോകുന്നതിനാണ് സർക്കാർ തീരുമാനമെന്ന് ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട് കേസ് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിലവിലുള്ള ബാധ്യത എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്; | |
| (ഡി) ഭൂമി ആവശ്യമുള്ള സർക്കാർ വ്യവസായ സ്ഥാപനങ്ങൾക്കോ സാമൂഹ്യക്ഷേമം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കോ ഈ ഭൂമി ഏറ്റെടുത്ത് നൽകാൻ തയ്യാറാവുമോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ